"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

കൃഷി വകുപ്പ്-ജീവനക്കാര്യം-തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ക്ലർക്ക് ശ്രീമതി ദീപ മഞ്ഞില ഫയൽ ചെയ്ത O.A(EKM).No. 104/2023 നമ്പർ കേസിലെ 08/02/2024 ലെ ഉത്തരവ് നടപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി(ഇബി) വകുപ്പ്**

സ.ഉ.(സാധാ) നം.212/2024/AGRI തീയതി,തിരുവനന്തപുരം, 04-03-2024

---

പരാമർശം:-

1. 25.02.2017 ൽ സ.ഉ(പി) നമ്പർ 3/2017/ഉഭപവ ഉത്തരവ്
2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 21.09.2023, 20.11.2023,23.12.2.23 എന്നീ തീയ്യതികളിലെ ADFW/100/2023/SA2 നമ്പർ നടപടിക്രമം
3. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 10/1/2024 ലെ ADFW/37/2024-SA1 നമ്പർ നടപടിക്രമം
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 19/1/2024 ലെ ADFW/475/2024-SA1 നമ്പർ നടപടിക്രമം
5. ശ്രീമതി ദീപ മഞ്ഞില യുടെ 24.01.2024 ലെ അനക്ചർ എ11 അപ്പീൽ / അപേക്ഷ
6. ശ്രീമതി ദീപ മഞ്ഞില ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A(EKM).No. 104/2023 നമ്പർ കേസിലെ 08/02/2024 ലെ ഉത്തരവ്
7. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 21/02/2024 ലെ ADFW/37/2024-SA1 നമ്പർ കത്ത്

**ഉത്തരവ്**

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിലെ ക്ലാർക്ക് തസ്തികയിലെ 2023 ലെ ഓൺലൈൻ പൊതുസ്ഥലം മാറ്റവുമായി ബന്ധപ്പെട്ട് തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ക്ലാർക്ക് ശ്രീമതി ദീപ മഞ്ഞില ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A(EKM).No. 104/2023 നമ്പർ കേസിലെ പരാമർശം(6) ഉത്തരവിൽ പരാമർശം (5) അനക്ചർ A 11 അപ്പീൽ പരിശോധിച്ച് 3 ആഴ്ചയ്ക്കുള്ളിൽ തീരുമാനമെടുക്കാൻ കേസിലെ ഒന്നാം കക്ഷിയായ കൃഷി വകുപ്പ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിരുന്നു.കൂടാതെ പ്രസ്തുത ഉത്തരവ് നടപ്പാക്കുന്നത് വരെ അപേക്ഷകയെ തൃശ്ശൂരിൽ/നിലവിലെ സ്റ്റേഷനിൽ നിലനിർത്തണമെന്നും ബഹു.ട്രൈബ്യൂണൽ നിർദ്ദേശിച്ചിട്ടുണ്ട് .

2. ശ്രീമതി ദീപ മഞ്ഞില സമർപ്പിച്ച പരാമർശം (5) അനക്ചർ എ11 അപ്പീൽ

അപേക്ഷയിൽ, 21.09.2023 ൽ വകുപ്പ് ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം (2) കരട് പട്ടികയിൽ ടിയാളെ ഒല്ലൂക്കര അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേക്ക് നിയമിച്ചിരുന്നുവെന്നും എന്നാൽ 20.11.2023 ൽ ഡയറക്ടർ പുറപ്പെടുവിച്ച പരാമർശം (2) അന്തിമ സ്ഥലംമാറ്റ ഉത്തരവ് പ്രകാരം ചൊവ്വന്നൂർ അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേക്ക് സ്ഥലംമാറ്റുകയും ചെയ്തു എന്നും അറിയിച്ചിരിക്കുന്നു. ടി ഉത്തരവ് പുനഃപരിശോധിക്കണമെന്നപേക്ഷിച്ചുകൊണ്ട് ശ്രീമതി. ദീപ മഞ്ഞില അപേക്ഷ സമർപ്പിച്ചിട്ടും യാതൊരു പരിഗണനയും കൂടാതെ ടിയാളെ ചൊവ്വന്നൂർ അഗ്രികൾച്ചർ അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ നിയമിച്ച ഉത്തരവ് റദ്ദ് ചെയ്തു 19.01.2024 ലെ പരാമർശം(4) ഉത്തരവ് പ്രകാരം പഴയന്നൂർ സീഡ് ഫാമിലേക്ക് സ്ഥലം മാറ്റി എന്നും അറിയിച്ചിരിക്കുന്നു. മാത്രമല്ല ശ്രീമതി. ദീപ മഞ്ഞില ഓപ്ഷനായി നൽകിയിരുന്നതും കരട് സ്ഥലം മാറ്റ പട്ടികയിൽ ഉൾപ്പെട്ടിരുന്നതുമായി ഒല്ലൂക്കരയിലേക്ക് പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കുകയോ, ഒല്ലൂക്കര ഓപ്ഷനായി കൊടുക്കുകയോ ചെയ്തിട്ടില്ലാത്തതുമായ ശ്രീമതി. സുമീഷ കെ.എസ്-നെ നിയമിച്ചുന്നും പരാതിപ്പെട്ടിട്ടുണ്ട്. കൂടാതെ ഒല്ലൂക്കര അസി. ഡയറക്ടറാഫീസിൽ ക്ലാർക്കുമാരുടെ 2 തസ്തികകളുണ്ട് എന്നും ഒരാൾ മാത്രമേ നിലവിൽ ജോലി ചെയ്യുന്നുള്ളൂ എന്നും തൃശ്ശൂർ പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ആഫീസിലും ഒരു ക്ലാർക്കിന്റെ ഒഴിവുണ്ട് എന്നും ജൂനിയർക്ക് സ്ഥലംമാറ്റം നൽകി തന്റെ അപേക്ഷ അനുകൂലമായി പരിഗണിയ്ക്കാത്തത് സ്ഥലം മാറ്റ മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നും നിലവിൽ സ്ഥലം മാറ്റം നൽകിയിട്ടുള്ള പഴയന്നൂർ സീഡ് ഫാം തന്റെ വാസസ്ഥലത്തുനിന്നും 65 കിലോമീറ്റർ ദൂരത്താണെന്നും സ്ത്രീയെന്ന പരിഗണന നൽകി ബഹു. കേരള ഹൈക്കോടതി പുറപ്പെടുവിച്ച O.P.(സി.എ.റ്റി) നമ്പർ 185/2023 നമ്പർ കേസിൽ 10.01.2024 ൽ പുറപ്പെടുവിച്ച ഉത്തരവ് കണക്കിലെടുത്ത് തന്നെ നിലവിൽ ഒഴിവുള്ള പ്രിൻസിപ്പൽ അഗ്രികൾച്ചറൽ ഓഫീസ് തൃശ്ശൂരിൽ തന്നെ നിലനിർത്തുകയോ, ഒഴിവുള്ള അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് ഒല്ലൂക്കരയിലേക്ക് സ്ഥലംമാറ്റുകയോ ചെയ്യണമെന്ന് ശ്രീമതി ദീപ മഞ്ഞില പരാമർശം(5) പ്രകാരം അപേക്ഷിച്ചിരുന്നു

3. മേൽ വിഷയം സംബന്ധിച്ച് കൃഷി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ പരാമർശം(7) റിപ്പോർട്ടിൽ പൊതു സ്ഥലംമാറ്റത്തിനായി ശ്രീമതി ദീപ മഞ്ഞില ഓപ്റ്റ് ചെയ്ത 6 ഓഫീസുകളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ഒല്ലൂക്കര, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, പുഴക്കൽ, കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ചാലക്കുടി, എസ്.എസ്.എഫ് പാണഞ്ചേരി എന്നീ ഓഫീസുകളിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലായിരുന്നു എന്നും മൂന്നാമത്തെ ഓപ്ഷനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് ചേർപ്പിൽ ടിയാനെക്കാൾ അർഹനായ സീനിയർ ക്ലാർക്കിന് സ്പാർക്ക് മുഖേന നിയമനം നല്കുകയും ചെയ്തു എന്നും ടിയാളുടെ നാലാമത്തെ ഓപ്ഷനായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, കൊടകരയിൽ ഒരു റീപ്ളേസ്മെന്റ് വേക്കൻസി ഉണ്ടായിരുന്നു എന്നും ആയതിൽ Inter caste marriage priority ഉള്ള ജീവനക്കാരി ജോലി നോക്കുന്നതിനാൽ ടി വേക്കൻസിയിൽ ടിയാളെ സ്പാർക്ക് മുഖേന റീപ്ളേസ് ചെയ്തില്ല എന്നും ഈ സാഹചര്യത്തിലാണ് പൊതുസ്ഥലംമാറ്റ മാനദണ്ഡ പ്രകാരം സ്പാർക്ക് മുഖേന ടിയാൾക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, ചൊവ്വന്നൂരിലേക്ക് നിയമനം നൽകിയത് എന്നും അറിയിച്ചിട്ടുണ്ട്.

4. ശ്രീമതി ദീപ മഞ്ഞില സ്ഥലം മാറ്റത്തിനായി ഓപ്റ്റ് ചെയ്ത 6 ഓഫീസുകളിലും സ്ഥലംമാറ്റം ലഭിക്കാതെ ടിയാൾ ഓപ്റ്റ് ചെയ്യാത്ത ചൊവ്വന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലേക്ക് സ്ഥലം മാറ്റിയതിനെതിരെ ടിയാൾ ഫയൽ ചെയ്ത O.A.No. 2323/2023 കേസിലെ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 27/12/2023 തീയതിയിലെ വിധിന്യായം നടപ്പിലാക്കി കൊണ്ടു ഡയറക്ടർ പരാമർശം (3) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു(Annexure A8). പ്രസ്തുത ഉത്തരവിനെതിരെ അപേക്ഷക ഡയറക്ടർക്ക് Review അപേക്ഷ (Annexure A9) സമർപ്പിച്ചിരുന്നത് പരിശോധിച്ചിട്ടുണ്ടെന്നും പൊതുസ്ഥലംമാറ്റം സംബന്ധിച്ച് തൃശ്ശൂർ ജില്ലയിൽ നിന്നും ലഭിച്ച പരാതികൾ പരിഹരിച്ച് ചൊവ്വന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിലെ രണ്ടു ക്ലാർക്ക് തസ്തികയിൽ മൂന്ന് ജീവനക്കാരെ നിയമിച്ച അവസ്ഥ നിലവിൽ വന്നതിനാൽ അധികമായി നിയമിച്ച ക്ലർക്ക് ശ്രീമതി ദീപ മഞ്ഞിലക്ക് പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാമിലെ ക്ലർക്ക് ശ്രീ. ഷൈജു കെ.ജി ക്ക് സ്ഥലംമാറ്റം നൽകിയ ഒഴിവിൽ നിയമിച്ച് പരാമർശം (4) പ്രകാരം ഉത്തരവായി എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

5. മാത്രമല്ല ഒല്ലൂക്കര കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസിൽ പൊതുസ്ഥലംമാറ്റ അപേക്ഷ സമർപ്പിക്കുന്ന സമയത്ത് ഒഴിവുണ്ടായിരുന്നില്ല എന്നും ഒല്ലൂക്കര ഓഫീസിലെ ഒരു ക്ലർക്ക് മുല്ലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലേക്ക് പുനർവിന്യാസത്തിൽ വിട്ടുതൽ ചെയ്തത് തെറ്റായി സ്പാർക്കിൽ തുറന്ന ഒഴിവ് രേഖപ്പെടുത്തിരുന്നുവെന്നും ഇപ്രകാരം തെറ്റായി രേഖപ്പെടുത്തിയ ഒഴിവിലേക്ക് പൊതുസ്ഥലംമാറ്റ ഉത്തരവിൽ അന്തിക്കാട് എ ഡി എ യിലെ ക്ലർക്ക് ശ്രീമതി സുമിഷയെ സ്പാർക്ക് മുഖാന്തിരം നിയമിച്ചിരുന്നു എന്നും പിന്നീട് ഈ തെറ്റ് പരിഹരിച്ച് ശ്രീമതി സുമിഷയെ അന്തിക്കാട് എ ഡി എ യിൽ തന്നെ നിലനിർത്തി ഉത്തരവായിരുന്നു എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നിലവിൽ ജില്ലയിൽ ക്ലർക്ക് തസ്തികയിൽ ഒഴിവുള്ളത് പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാമിൽ ആണ്. ശ്രീമതി ദീപ ഓപ്റ്റ് ചെയ്ത ഓഫീസുകളിൽ ടിയാളെ നിയമിക്കാൻ പൊതുസ്ഥലമാറ്റ മാനദണ്ഡപ്രകാരം കഴിയാത്തതിനാലും, ഒരേ സ്റ്റേഷനിൽ 8/7/2015 മുതൽ ജോലി നോക്കുന്ന ടിയാൾക്ക് പൊതു സ്ഥലംമാറ്റ മാനദണ്ഡപ്രകാരം സ്ഥലമാറ്റം നൽകേണ്ടതിനാലുമാണ് പഴയന്നൂർ സ്റ്റേറ്റ് സീഡ് ഫാമിലേക്ക് സ്ഥലംമാറ്റം അനുവദിച്ച് പരാമർശം(4) പ്രകാരം ഉത്തരവായത് എന്നും ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 08/07/2015ൽ ക്ലാർക്കായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ നിയമിതയായ ശ്രീമതി ദീപ മഞ്ജില 8 വർഷത്തിലധികമായി പ്രസ്തുത ഓഫീസിൽ തന്നെ സേവനമനുഷ്ഠിക്കുകയാണ് . സ്ഥലം മാറ്റ മാനദണ്ഡങ്ങൾ നിശ്ചയിച്ചു കൊണ്ടുള്ള പരാമർശം (1) ഉത്തരവിന്റെ ഖണ്ഡിക 2(iii) പ്രകാരം തുടർച്ചയായി ഒരു ഉദ്യോഗസ്ഥനേയും 3 വർഷത്തിൽ കൂടുതൽ ഒരു ഓഫീസിൽ നിലനിർത്തേണ്ടതില്ല എന്നും അത് അർഹരായവരുടെ സ്ഥലംമാറ്റത്തെ പ്രതികൂലമായി ബാധിക്കും എന്ന് വ്യക്തമാക്കിയി്ട്ടുണ്ട്. പൊതുസ്ഥലമാറ്റ നോംസ് പ്രകാരം അപേക്ഷിക്കുന്ന ഓഫീസുകളിൽ തുറന്ന ഒഴിവോ റിപ്ലേസ്മെന്റ് ഒഴിവോ ഉണ്ടെങ്കിൽ മാത്രമേ അപേക്ഷകന്റെ അർഹത പരിഗണിച്ച് സ്പാർക്ക് മുഖേന സ്ഥലംമാറ്റം ലഭിക്കുകയുള്ളൂ. ശ്രീമതി ദീപ മഞ്ജില ഓപ്റ്റ് ചെയ്ത 6 ഓഫീസുകളിൽ 4 ഓഫീസുകളിൽ ക്ലാർക്ക് തസ്തികയിൽ ഒഴിവില്ലാത്തതിനാലും 2 ഓഫീസുകളിൽ ടിയാൾക്ക് അർഹതയില്ലാത്തതിനാലുമാണ് സ്ഥലംമാറ്റം ലഭിക്കാതിരുന്നത് എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്. കൂടാതെ തൃശ്ശൂർ ജില്ലയിൽ ഒഴിവ് വരുന്ന മുറക്ക് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കും അർഹതക്കും അനുസരിച്ച് ശ്രീമതി ദീപ മഞ്ജിലയുടെ അപേക്ഷ പരിഗണിക്കാവുന്നതാണ് എന്നും ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

7. കൃഷി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ദീപ മഞ്ജിലയുടെ പരാമർശം(5) പ്രകാരമുള്ള 24.01.2024 ലെ അനക്ചർ എ11 അപ്പീൽ നിരസിച്ചും ടിയാൻ ആവശ്യപ്പെട്ട സ്റ്റേഷനിൽ ഒഴിവ് വരുന്ന മുറക്ക് പൊതുസ്ഥലംമാറ്റ മാനദണ്ഡങ്ങൾക്കും അർഹതയ്ക്കും അനുസരിച്ച് അപേക്ഷ പരിഗണിക്കുന്നതിന് വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

8. മേൽ പ്രകാരം ശ്രീമതി ദീപ മഞ്ജില ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത O.A(EKM).No. 104/2023 നമ്പർ കേസിലെ പരാമർശം(6) ഉത്തരവ് നടപ്പാക്കിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീന പോൾ
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ , കേരള, എറണാകുളം. (ആമുഖ കത്ത് സഹിതം )
ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.
ശ്രീമതി ദീപ മഞ്ജില , ക്ലർക്ക് (കാർഷിക വികസന കർഷക ക്ഷേമ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ)/ആഡിറ്റ്, കേരളം, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sangeetha.s
Date: 04-03-2024 12:03:25

സെക്ഷൻ ഓഫീസർ